**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **27-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സർചാർജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുത ഉപഭോക്താക്കളിൽ നിന്നും സർചാർജ് ചുമത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് വൈദ്യുതിയ്ക്ക് ഇന്ധന സർചാർജ് നിശ്ചയിക്കുന്നതിനും വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം, നിലവിൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം ഇന്ധന വിലയിലെ വ്യതിയാനം മൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനും ഉള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനും ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തി വരുന്നു.<br><br>കൽക്കരിയുടെ അടിസ്ഥാന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുന്നത് തുടങ്ങിയവ ഇന്ധന വിലയിൽ |

വ്യതിയാനങ്ങൾക്കു കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23 ലെ ഒന്നാം പാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധന വിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചിലവിൽ 87.07 കോടി രൂപ അധിക ബാധ്യത ഉണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജ് ആയി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെഎസ്ഇബി 17.11.2022-ൽ സമർപ്പിച്ചിരുന്നു. ഈ വർഷം വൈദ്യുതി ആവശ്യകതയിൽ വന്ന ഗണ്യമായ വർദ്ധനവ് ആഭ്യന്തര കൽക്കരി ശേഖരത്തെ അപകടകരമാം വിധം ബാധിക്കുകയും ഇത് താപവൈദ്യുതി ഉൽപാദന നിലയങ്ങളെ പ്രതിസന്ധിയിൽ ആക്കുകയും ചെയ്തു. അധിക വൈദ്യുതി ആവശ്യകതക്കു അനുസരിച്ച് ഉൽപാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28.04.2022-ലെ നിർദ്ദേശപ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ ഉൽപാദകർക്ക് അനുമതി ലഭിച്ചിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതി ഉണ്ടാവാത്തതിനാൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26.07.2022-ലെ ഉത്തരവ് പ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ 31.10.2022 വരെ ഉൽപാദകർക്ക് അനുവാദം നൽകുകയും കൂടാതെ എനർജി ചാർജ് വർദ്ധനവ് പരിമിതപ്പെടുത്താൻ വിതരണ കമ്പനികൾക്ക് അവകാശം നൽകുന്ന CERC റെഗുലേഷൻ 43(3) മരവിപ്പിക്കുകയും ചെയ്തു. "*റെഗുലേഷൻ 43(3) പ്രകാരം നിഷ്കർച്ചിരിക്കുന്ന ഇന്ധനം അല്ലാതെ ഏതു ബദൽ ഇന്ധനം ഉപയോഗിക്കുകയാണെങ്കിലും എനർജി ചാർജ് ബേസ് എനർജി ചാർജിനേക്കാൾ 30 ശതമാനമോ പോയ മാസത്തിലെ എനർജി ചാർജിനെക്കാൾ 20 ശതമാനമോ ഉള്ള വർധനവിൽ ഏതാണ് കുറവ് എന്നതിൽ പരിമിതപ്പെടുത്തുന്നു*". എന്നാൽ ഈ റഗുലേഷൻ ആണ് പ്രസ്തുത കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശത്തിലൂടെ താൽക്കാലികമായി മരവിപ്പിച്ചത്. ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദനനിലയങ്ങൾ വിലകൂടിയ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കുകയും തൽഫലമായി എനർജി ചാർജ് കൂടി വരുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു . ഓരോ മാസവും വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന അധിക ചെലവ്

അതാത് മാസം തന്നെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഈ താപനിലയങ്ങൾക്കു നൽകിയിട്ടുണ്ട്.

വൈദ്യുതി വിതരണ ലൈസൻസികൾക്ക് മാസംതോറും വൈദ്യുതിനിരക്ക് വ്യതിയാനം വരുത്തുന്നതിന് അനുമതി നൽകുന്ന വൈദ്യുതിചട്ട ഭേദഗതി 29/12/22 ന് നിലവിൽ വന്നു കഴിഞ്ഞു. ഇതനുസരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ ആവശ്യമായ ഇന്ധനത്തിന്റെ വിലയിലുണ്ടാകുന്ന വർധന ഉൾപ്പടെ വൈദ്യുതി വാങ്ങുന്നതിനുള്ള അധിക ചെലവിന് ആനുപാതികമായി സർചാർജ് വൈദ്യുതി നിരക്കിൽ ഉൾപ്പെടുത്തി എല്ലാ മാസവും ഈടാക്കാമെന്ന് കേന്ദ്രം തീരുമാനമെടുത്തിട്ടുണ്ട്. ഇന്ധന സർചാർജ് ഇപ്പോൾ മൂന്നുമാസത്തിലൊരിക്കലാണ് കണക്കാക്കുന്നത്. എത്ര തുക ഈടാക്കാമെന്ന് തീരുമാനിക്കുന്നത് സംസ്ഥാനങ്ങളിലെ വൈദ്യുതി റെഗുലേറ്ററി കമ്മിഷനുകളായിരുന്നു. ചട്ടം പുറപ്പെടുവിച്ച് 90 ദിവസത്തിനകം സർചാർജ് ഈടാക്കുന്നതിന് ഫോർമുല റഗുലേറ്ററി കമ്മീഷനുകൾ നിശ്ചയിക്കണമെന്നും അതനുസരിച്ച് കമ്മിഷനുകളുടെ മുൻകൂർ അനുമതിയില്ലാതെ മാസംതോറും വൈദ്യുതിബില്ലിൽ സർചാർജ് ചുമത്തി ഈടാക്കാമെന്നതാണ് ഭേദഗതി. പുതിയ ചട്ടപ്രകാരം ഇന്ധനവില വർധനവ് മാത്രമല്ല, വൈദ്യുതി വാങ്ങുമ്പോഴുണ്ടാകുന്ന എല്ലാ അധികചെലവും കമ്മീഷനെ സമീപിക്കാതെ തന്നെ ഉപഭോക്താക്കളിൽ നിന്ന് മാസംതോറും ഈടാക്കാവുന്നതാണ്.

കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനെന്ന പേരിൽ കേന്ദ്ര സർക്കാർ / കേന്ദ്ര റഗുലേറ്ററി കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ രാജ്യത്തെ വൈദ്യുതി വില ഉയർത്തുന്നുണ്ട്. ഉയർന്ന വിലയ്ക്ക് വൈദ്യുതി വിൽക്കാൻ രാജ്യത്ത് പുതിയ വിപണിയുണ്ടാക്കാൻ കേന്ദ്ര റഗുലേറ്ററി കമ്മീഷൻ 16/02/23 ലെ ഉത്തരവ് പ്രകാരം അനുമതി നൽകി. അടുത്തമാസം വിപണി പ്രവർത്തനം തുടങ്ങും. യൂണിറ്റിന് പരമാവധി 50 രൂപവരെ വില ഈടാക്കാൻ കഴിയുന്ന വിപണിയാണ് നിലവിൽവരുന്നത്. ഇറക്കുമതി കൽക്കരി, ഇറക്കുമതി ചെയ്ത RLNG, നാഫ്ത എന്നിവ ഉപയോഗിക്കുന്ന വൈദ്യുതി നിലയങ്ങൾ, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം എന്നിവയ്ക്കുമാത്രമേ ഈ വിപണിയിൽ വൈദ്യുതി വിൽക്കാനാകൂ. പവർ എക്സ്ചേഞ്ചിലെ നിലവിലുള്ള കമ്പോളങ്ങളിൽ ഉൽപ്പാദനച്ചെലവ്

| | | | |
|---|---|---|---|
| | | | കണക്കിലെടുത്തുള്ള വൈദ്യുതിവില ലഭിക്കാത്തതിനാൽ ഈ നിലയങ്ങൾ പൂർണതോതിൽ പ്രവർത്തിക്കുന്നില്ല. അതുവഴി നിലവിലെ വൈദ്യുതി പ്രതിസന്ധി മറികടക്കുകയാണ് ഈ നടപടിയുടെ ലക്ഷ്യം.<br><br>മറ്റ് നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ പവർ എക്സ്ചേഞ്ച് വഴിയുള്ള വിൽപ്പനയ്ക്ക് പരമാവധി 12 രൂപ എന്ന നിരക്ക് തുടരും.<br><br>കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര റഗുലേറ്ററി കമ്മീഷന്റെയും മേൽ വിവരിച്ച നടപടികൾ ഊർജ്ജമേഖലയിലെ അടിയന്തരാവസ്ഥയിലേക്ക് നയിക്കുന്നതാണ്.<br><br>ഓരോ മാസവും വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന അധിക തുകയാണിപ്പോൾ ഇന്ധന സർചാർജ് ആയി യൂണിറ്റിന് 9 പൈസ നിരക്കിൽ ഈടാക്കുന്നത്. ഇത് നിശ്ചിത കാലയളവിലേക്ക് (2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽ അല്ലെങ്കിൽ 87.07 കോടി രൂപ ഇന്ധന സർചാർജ് ആയി പിരിച്ചെടുക്കുന്നത് വരെ) മാത്രമാണ് ഈടാക്കുന്നത്. എന്നാൽ ആയിരം വാട്സ് വരെ കണക്റ്റഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | അടുത്തകാലത്ത് വൈദ്യുത ചാർജ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഉപഭോക്താക്കളെ വീണ്ടും ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന ചാർജ് വർദ്ധനവിന്റെ കാരണം വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് വൈദ്യുതിയ്ക്ക് ഇന്ധന സർചാർജ് നിശ്ചയിക്കുന്നതിനും വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം, നിലവിൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം ഇന്ധന വിലയിലെ വ്യതിയാനം മൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനും ഉള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷനിൽ |

വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനും ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തി വരുന്നു.

കൽക്കരിയുടെ അടിസ്ഥാന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുന്നത് തുടങ്ങിയവ ഇന്ധന വിലയിൽ വ്യതിയാനങ്ങൾക്കു കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23 ലെ ഒന്നാം പാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധന വിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചിലവിൽ 87.07 കോടി രൂപ അധിക ബാധ്യത ഉണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജ് ആയി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെഎസ്ഇബി 17.11.2022-ൽ സമർപ്പിച്ചിരുന്നു. ഈ വർഷം വൈദ്യുതി ആവശ്യകതയിൽ വന്ന ഗണ്യമായ വർദ്ധനവ് ആഭ്യന്തര കൽക്കരി ശേഖരത്തെ അപകടകരമാം വിധം ബാധിക്കുകയും ഇത് താപവൈദ്യുതി ഉൽപാദന നിലയങ്ങളെ പ്രതിസന്ധിയിൽ ആക്കുകയും ചെയ്തു. അധിക വൈദ്യുതി ആവശ്യകതക്കു അനുസരിച്ച് ഉൽപാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28.04.2022-ലെ നിർദ്ദേശപ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ ഉൽപാദകർക്ക് അനുമതി ലഭിച്ചിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതി ഉണ്ടാവാത്തതിനാൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26.07.2022-ലെ ഉത്തരവ് പ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ 31.10.2022 വരെ ഉൽപാദകർക്ക് അനുവാദം നൽകുകയും കൂടാതെ എനർജി ചാർജ് വർദ്ധനവ് പരിമിതപ്പെടുത്താൻ വിതരണ കമ്പനികൾക്ക് അവകാശം നൽകുന്ന CERC റെഗുലേഷൻ 43(3) മരവിപ്പിക്കുകയും ചെയ്തു. "*റെഗുലേഷൻ 43(3) പ്രകാരം നിഷ്കർച്ചിരിക്കുന്ന ഇന്ധനം അല്ലാതെ ഏതു ബദൽ ഇന്ധനം ഉപയോഗിക്കുകയാണെങ്കിലും എനർജി ചാർജ് ബേസ് എനർജി ചാർജിനേക്കാൾ 30 ശതമാനമോ പോയ*

*മാസത്തിലെ എനർജി ചാർജിനെക്കാൾ 20 ശതമാനമോ ഉള്ള വർധനവിൽ ഏതാണ് കുറവ് എന്നതിൽ പരിമിതപ്പെടുത്തുന്നു*". എന്നാൽ ഈ റഗുലേഷൻ ആണ് പ്രസ്തുത കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശത്തിലൂടെ താൽക്കാലികമായി മരവിപ്പിച്ചത്. ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദനനിലയങ്ങൾ വിലകൂടിയ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കുകയും തൽഫലമായി എനർജി ചാർജ് കൂടി വരുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു . ഓരോ മാസവും വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന അധിക ചെലവ് അതാത് മാസം തന്നെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഈ താപനിലയങ്ങൾക്കു നൽകിയിട്ടുണ്ട്.

വൈദ്യുതി വിതരണ ലൈസൻസികൾക്ക് മാസംതോറും വൈദ്യുതിനിരക്ക് വ്യതിയാനം വരുത്തുന്നതിന് അനുമതി നൽകുന്ന വൈദ്യുതിചട്ട ഭേദഗതി 29/12/22 ന് നിലവിൽ വന്നു കഴിഞ്ഞു. ഇതനുസരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ ആവശ്യമായ ഇന്ധനത്തിന്റെ വിലയിലുണ്ടാകുന്ന വർധന ഉൾപ്പടെ വൈദ്യുതി വാങ്ങുന്നതിനുള്ള അധിക ചെലവിന് ആനുപാതികമായി സർചാർജ് വൈദ്യുതി നിരക്കിൽ ഉൾപ്പെടുത്തി എല്ലാ മാസവും ഈടാക്കാമെന്ന് കേന്ദ്രം തീരുമാനമെടുത്തിട്ടുണ്ട്. ഇന്ധന സർചാർജ് ഇപ്പോൾ മൂന്നുമാസത്തിലൊരിക്കലാണ് കണക്കാക്കുന്നത്. എത്ര തുക ഈടാക്കാമെന്ന് തീരുമാനിക്കുന്നത് സംസ്ഥാനങ്ങളിലെ വൈദ്യുതി റെഗുലേറ്ററി കമ്മിഷനുകളായിരുന്നു. ചട്ടം പുറപ്പെടുവിച്ച് 90 ദിവസത്തിനകം സർചാർജ് ഈടാക്കുന്നതിന് ഫോർമുല റഗുലേറ്ററി കമ്മീഷനുകൾ നിശ്ചയിക്കണമെന്നും അതനുസരിച്ച് കമ്മിഷനുകളുടെ മുൻകൂർ അനുമതിയില്ലാതെ മാസംതോറും വൈദ്യുതിബില്ലിൽ സർചാർജ് ചുമത്തി ഈടാക്കാമെന്നതാണ് ഭേദഗതി. പുതിയ ചട്ടപ്രകാരം ഇന്ധനവില വർധനവ് മാത്രമല്ല, വൈദ്യുതി വാങ്ങുമ്പോഴുണ്ടാകുന്ന എല്ലാ അധികചെലവും കമ്മീഷനെ സമീപിക്കാതെ തന്നെ ഉപഭോക്താക്കളിൽ നിന്ന് മാസംതോറും ഈടാക്കാവുന്നതാണ്.

കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനെന്ന പേരിൽ കേന്ദ്ര സർക്കാർ / കേന്ദ്ര റഗുലേറ്ററി കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ രാജ്യത്തെ വൈദ്യുതി വില ഉയർത്തുന്നുണ്ട്. ഉയർന്ന വിലയ്ക്ക് വൈദ്യുതി വിൽക്കാൻ രാജ്യത്ത് പുതിയ

| | | | |
|---|---|---|---|
| | | | വിപണിയുണ്ടാക്കാൻ കേന്ദ്ര റഗുലേറ്ററി കമ്മീഷൻ 16/02/23 ലെ ഉത്തരവ് പ്രകാരം അനുമതി നൽകി. അടുത്തമാസം വിപണി പ്രവർത്തനം തുടങ്ങും. യൂണിറ്റിന് പരമാവധി 50 രൂപവരെ വില ഈടാക്കാൻ കഴിയുന്ന വിപണിയാണ് നിലവിൽവരുന്നത്. ഇറക്കുമതി കൽക്കരി, ഇറക്കുമതി ചെയ്ത RLNG, നാഫ്ത എന്നിവ ഉപയോഗിക്കുന്ന വൈദ്യുതി നിലയങ്ങൾ, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം എന്നിവയ്ക്കുമാത്രമേ ഈ വിപണിയിൽ വൈദ്യുതി വിൽക്കാനാകൂ. പവർ എക്സ്ചേഞ്ചിലെ നിലവിലുള്ള കമ്പോളങ്ങളിൽ ഉൽപ്പാദനച്ചെലവ് കണക്കിലെടുത്തുള്ള വൈദ്യുതിവില ലഭിക്കാത്തതിനാൽ ഈ നിലയങ്ങൾ പൂർണതോതിൽ പ്രവർത്തിക്കുന്നില്ല. അതുവഴി നിലവിലെ വൈദ്യുതി പ്രതിസന്ധി മറികടക്കുകയാണ് ഈ നടപടിയുടെ ലക്ഷ്യം.<br><br>മറ്റ് നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ പവർ എക്സ്ചേഞ്ച് വഴിയുള്ള വിൽപ്പനയ്ക്ക് പരമാവധി 12 രൂപ എന്ന നിരക്ക് തുടരും.<br><br>കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര റഗുലേറ്ററി കമ്മീഷന്റെയും മേൽ വിവരിച്ച നടപടികൾ ഊർജ്ജമേഖലയിലെ അടിയന്തരാവസ്ഥയിലേക്ക് നയിക്കുന്നതാണ്.<br><br>ഓരോ മാസവും വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന അധിക തുകയാണിപ്പോൾ ഇന്ധന സർചാർജ് ആയി യൂണിറ്റിന് 9 പൈസ നിരക്കിൽ ഈടാക്കുന്നത്. ഇത് നിശ്ചിത കാലയളവിലേക്ക് (2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽ അല്ലെങ്കിൽ 87.07 കോടി രൂപ ഇന്ധന സർചാർജ് ആയി പിരിച്ചെടുക്കുന്നത് വരെ) മാത്രമാണ് ഈടാക്കുന്നത്. എന്നാൽ ആയിരം വാട്സ് വരെ കണക്റ്റഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | കൃത്യമായി വൈദ്യുതി കുടിശിക ഈടാക്കി ചാർജ് വർദ്ധനവ് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ഇ.ബി.എൽ-ന്റെ വരവും ചെലവും പരിശോധിച്ച ശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്ന റവന്യൂ കമ്മി നികത്താനാണ് ചാർജ്ജ് വർദ്ധനവ് ഏർപ്പെടുത്തുന്നത്. വരവ് അംഗീകരിക്കപ്പെടുമ്പോൾ അക്രൂവൽ അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം ഡിമാൻഡ് അടിസ്ഥാനപ്പെടുത്തിയുള്ള റവന്യൂ വരുമാനമാണ് കണക്കിലെടുക്കുന്നത്. അതായത് ഒരു ഉപഭോക്താവിന് ബില്ല് കൊടുക്കുന്ന മുറയ്ക്ക് ടി തുക |

| | | | |
|---|---|---|---|
| | | | വരുമാനമായി കണക്കാക്കുന്നു. ഇക്കാരണത്താൽ ഉപഭോക്താവിൽ നിന്ന് കുടിശ്ശിക പിരിച്ചെടുക്കുന്ന അവസരത്തിൽ ടി തുക വീണ്ടും വരുമാനമായി കണക്കാക്കാനാകില്ല. ഇക്കാരണത്താൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതും ചാർജ്ജ് വർദ്ധനവുമായി യാതൊരു ബന്ധവും ഇല്ല. |

സെക്ഷൻ ഓഫീസർ